# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 70**   **07.08.2017 ലെ മറുപടിയ്ക്ക്**

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ജോർജ്ജ് എം.തോമസ്** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കോഴിക്കോട് ജില്ലയിലെ അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രഖ്യാപിച്ച ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി)എങ്കിൽ ഇതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br><br>(സി) കാലവിളംബമില്ലാതെ ധനസഹായം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി)<br>&<br>(സി)<br>ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിന് പകരം താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും സർക്കാരിൽനിന്നും നൽകിവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ